
# ദർപ്പണം

## SNDPHSS VENKURINJI



–


OUR MANAGER



## ശ്രീമതി .രാജശ്രീ.ബി (പ്രിൻസിപ്പൽ)

*നമ്മുടെ ഭാഷയും സംസ്കാരവും സമ്പന്നമായ പാരമ്പര്യങ്ങള്ൽ അലംകൃതമാണല്ലോ. മലയാളം ഇന്ന് ശ്രേഷ്ഠഭാഷ പദവിയിലേക്കുയർന്ന് ലോകനിലവാരത്തിലെത്തി.കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ കാര്യങ്ങൾ ആവിഷ്കരിക്കാനും വായനയിലൂടെ പുതിയ അനുഭവങ്ങൾ സ്വായത്തമാക്കാനും സാധിക്കുമ്പോഴാണ് ഭാഷാപഠനം അർഥവത്താകുന്നത്.ആയതിനാൽ മലയാളത്തിലെ വിവിധഭാഷാ വ്യവഹാരങ്ങൾ ഉൾപ്പെടുത്തികൊണ്ട് ലിറ്റിൽ കൈറ്റിലെ കുട്ടികൾ തയ്യാറാക്കിയതാണീ  മാഗസിൻ. ഇതിനു പിന്നിൽ പ്രവർത്തിച്ച  എല്ലാ കുട്ടികൾക്കും എന്റെ സ്നേഹാശംസകൾ.*



## ശ്രീമതി .ഓമനകുമാരി .എൻ (ഹെഡ്മിസ്ട്രസ്)

*ആധുനീക സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ ഭാഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സാഹിത്യസാംസ്കാരികതലങ്ങളെക്കുറിച്ച് കൂടുതൽ ധാരണ രൂപപ്പെടുത്താനും നാം പരിശ്രമിക്കേണ്ടതുണ്ട്.*

*വെൺകുറിഞ്ഞി എസ് എൻ ഡി പി സ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിലുള്ള കുട്ടികൾ തയ്യാറാക്കുന്ന ഈ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.*

# ദർപ്പണം

*ഈ മാഗസിൻ ഒരു ദർപ്പണമാണ്.........*

*കുട്ടികളുടെ സർഗാത്മകമായ കഴിവുകളെ പ്രതിഫലിപ്പിക്കാൻ കഴിയുന്ന ദർപ്പണം..............*

*ഈ ദർപ്പണത്തിന് ഞങ്ങളുടെ കുട്ടികളുടെകഴിവുകൾ പ്രതിഫലിപ്പിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.*



**ധന്യ.വി.എൻ.**

**സ്റ്റാഫ്എഡിറ്റർ**

# ദർപ്പണം



ചീഫ് എഡിറ്റർ - ശ്രീമതി .ഓമനകുമാരി .എൻ (ഹെഡ്മിസ്ട്രസ്)
സ്റ്റാഫ്എഡിറ്റർ - ധന്യ .വി .എൻ
സ്റ്റുഡൻറ്റ് എഡിറ്റർ - സ്വാലിഹാ മോൾ. എസ്.

# ലിറ്റിൽ കൈറ്റ്അംഗങ്ങൾ



# ഉള്ളടക്കം


........................................................................................................15

ആദരവോടെ.............................................................................................15

ചെറുശ്ശേരി...............................................................................................16

ഉള്ളൂർ എസ്.പരമേശ്വരയ്യർ..........................................................................17

പി.ഭാസ്കരൻ.............................................................................................18

വൈക്കം മുഹമ്മദ് ബഷീർ...........................................................................19

മാധവിക്കുട്ടി (കമലാ സുരയ്യ).......................................................................21

(1934-2009)..............................................................................................21

........................................................................................................22

........................................................................................................22

കേരള ചരിത്രം.........................................................................................23

കവിതകൾ................................................................................................26

കേരളഗാനം.............................................................................................27

വസന്തം...................................................................................................28

തിരകൾ...................................................................................................29

ദോശച്ചമ്മന്തി...........................................................................................30

........................................................................................................31

അമ്പാടിയിലേക്ക്.........31

എവിടെ എൻ ഓർമ്മകൾ.........32

ചടപട വീഴല്ലേ.........34

.........35

നമ്മുടെ നാട്.........35

എന്റെ വിദ്യാലയം.........36

.........*38*

*നിങ്ങളെൻ ലോകത്തെയെന്തുചെയ്തു*.........38

മതിലേരിക്കന്നി.........39

നിങ്ങൾക്കറിയാമോ?.........41

കഥകൾ.........42

പറയാതെ പോയ പ്രണയം.........50

രാജകുമാരിയും റോസും.........53

ഒരിടത്തൊരിടത്ത്.........55

.........57

കറുപ്പിനേഴഴക്.........57

*കൊതിയൻ കാക്ക*.........58

.........60

*മാമ്പഴം...... മാമ്പഴം*.....60

ഇതൾ വിരിയുന്ന പ്രണയകഥ.....62

ENGLISH SECTION.....64

.....65

*BURNING SUN*.....65

THE SONG OF THE KETTLE.....66

വരകളിലൂടെ.....69

ഇവർ ഞങ്ങളുടെ അഭിമാനം.....93

.....94

.....95

.....96

ഓർമ്മച്ചെപ്പ്.....96




ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ;
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻതോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ
തന്നുരക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റു-
മാഴവും പോലെ ഞങ്ങളും
മായയും നിൻമഹിമയും
നീയുമെന്നുള്ളിലാകണം.

## ദർപ്പണം

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ!സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും.

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയേ നീക്കി-
സ്സായുജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതുംമൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻപദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു
ഭഗവാനേ! ജയിക്കുക.

ജയിക്കുക മഹാദേവ !
ദീനാവനപരായണ!
ജയിക്കുക ചിദാനന്ദ!
ദയാസിന്ധോ! ജയിക്കുക.

ആഴമേറും നിൻമഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.



# ആദരവോടെ......



# ചെറുശ്ശേരി

ക്രി.വ.പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാകവി.കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു.ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.



# ഉള്ളൂർ എസ്.പരമേശ്വരയ്യർ

(1877-1949)


ചങ്ങനാശ്ശേരിയിൽജനനം.മഹാകവി,സാഹിത്യചരിത്രകാരൻ,ഗവേഷകൻ, നിരൂപകൻ,പ-ത്രാധിപർ,തിരുവിതാംകൂർ ഗവൺമെന്റിലെ ദിവാൻ പേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു.ഉമാകേരളം(അഞ്ച് ഭാഗങ്ങൾ),കർണഭൂഷണം,പിംഗള,ചിത്രശാല,താരാഹാരം,തരംഗിണി,കല്പ ശാഖി,അമൃതധാര,അംബ മുതലായവ പ്രധാന കൃതികൾ.



# പി.ഭാസ്കരൻ

(1924-2007)

കവി, ഗാനരചയിതാവ്, ചലച്ചിത്രകാരൻ, മാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു. ദീപിക പത്രാധിപർ, ഏഷ്യാനെറ്റിന്റെ ആദ്യചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി. ഒറ്റകമ്പിയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും,വയലാർ ഗർജിക്കുന്നു, ഓടക്കുഴലും ലാത്തിയും, ഒരിക്കൽക്കൂടി, കായൽക്കാറ്റ്, രണഭേരി, കർഷകഗാനം, മുൾക്കിരീടം, മുഖത്തോടുമുഖം(കവിതകൾ)ദേശീയഗാനങ്ങൾ,സിനിമാഗാനങ്ങൾ,നാഴിയുരിപ്പാല്(ഗാനസമാഹാരങ്ങൾ),കാടാറുമാസം,സിനിമാനിർമ്മാണം(ഉപന്യാസങ്ങൾ)എന്നിവയാണ് പ്രധാന കൃതികൾ.



# വൈക്കം മുഹമ്മദ് ബഷീർ

(1908-1994)

പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയും. 'ബേപ്പൂർ സുൽത്താൻ' എന്നു വിളിക്കപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ വൈക്കത്തെ തലയോലപ്പറമ്പിൽ ജനിച്ചു. 1930 ൽ കോഴിക്കോട്ട് ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. 'ഉജ്ജീവനം' എന്ന പത്രത്തിലെഴുതിയ തീപ്പൊലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരഞ്ഞു. ഒമ്പതുവർഷത്തോളം നീണ്ട ഈ യാത്രകളിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു.

## ദർപ്പണം

പത്മശ്രീ, കേന്ദ്ര-കേരളസാഹിത്യഅക്കാദമിപുരസ്കാരങ്ങൾ,ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ്,വള്ളത്തോൾ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

# പ്രധാന കൃതികൾ

പ്രേമലേഖനം, ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊരാനേ- ണ്ടാർന്ന് , ആനവാരിയും പൊൻകുരിശും, പാത്തുമ്മായുടെ ആട്, മതിലുകൾ, സ്ഥലത്തെ പ്രധന ദിവ്യൻ, മരണത്തിന്റെ നിഴലിൽ, മുച്ചീട്ടുകളിക്കാരന്റെ മകൾ, ജീവിതനിഴൽപ്പാടുകൾ, താരാസ്പെഷ്യൽസ്, മാന്ത്രികപ്പൂച്ച, ശബ്ദങ്ങൾ(നോവൽ), ഭൂമിയുടെ അവകാശികൾ, വിശ്വവിഖ്യാതമായ മൂക്ക്, കഥാബീജം , ജന്മദിനം, ഓർമ്മക്കുറിപ്പ്, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗം, നേരും നുണയും, ഓർമ്മയുടെ അറകൾ, ആനപ്പൂട, ചിരിക്കുന്ന മരപ്പാവ, ശിങ്കിടിമുങ്കൻ, യാ ഇലാഹി!, നൂറുരൂപ നോട്ട്.



# മാധവിക്കുട്ടി (കമലാ സുരയ്യ)

(1934-2009)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർകുളത്ത് ജനിച്ചു.മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെപ്രശസ്തയായഎഴുത്തുകാരി.മലയാളത്തിൽ'മാധവിക്കുട്ടി'എന്ന പേരിലും ഇംഗ്ലീഷിൽ 'കമലാദാസ് 'എന്ന പേരിലുമാണ് അവർ രചനകൾനടത്തിയിരുന്നത്.വയലാർഅവാർഡ്,എഴുത്തച്ഛൻപുരസ്കാരം,കേരളസാഹിത്യഅക്കാദമിപുരസ്കാരം,ഏഷ്യൻവേൾഡ്പ്രൈസ്,ഏഷ്യൻ പൊയട്രി പ്രൈസ്,കെന്റ് അവാർഡ് എന്നിവ ലഭിച്ചു.

കടൽമയൂരം,ഭയം എന്റെ നിശാവസ്ത്രം,എന്റെ സ്നേഹിത അരുണ,ചുവന്ന പാവാട,പക്ഷിയുടെമണം,തണുപ്പ്,മാനസി,എന്റെകഥ,ബാല്യകാലസ്മരണകൾ,വർഷങ്ങൾക്കുമുൻപ്,ഡയറിക്കുറിപ്പുകൾ,നീർമാതളംപൂത്തകാലം,നഷ്ടപ്പെട്ട

## ദർപ്പണം

നീലാംബരി,ചന്ദനമരങ്ങൾ,മനോമി,വീണ്ടും ചില കഥകൾ,ഒറ്റയടിപ്പാത,യാ അല്ലാഹ്,കവാടം(സുലോചനയുമൊത്ത്),വണ്ടിക്കാളകൾ,കൽക്കട്ടയിലെ വേനൽ(summer in culcutta),കാമത്തിന്റെ അക്ഷരങ്ങൾ(Alphabet of the lust),പിതൃപരമ്പര(The descendance),പഴയ കളിവീടും മറ്റു കവിതകളും(Old play House and Other poems),തിരഞ്ഞെടുത്ത കവിതകൾ(Collected poems),എങ്ങനെ പാടണമെന്ന് ആത്മാവിനേ അറിയൂ(Only The Soul know How to Sing),ചൂളംവിളികൾ(The Sirens)

**എന്നിവ പ്രധാന കൃതികൾ.**

# കേരള ചരിത്രം



## തമിഴും കേരളവും

ഇന്നത്തെ കേരളത്തിലെ പല പ്രദേശങ്ങളും ആദ്യ നൂറ്റാണ്ടിൽ "തമിഴകം" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഭൂവി-ഭാഗത്തിന്റെ ഭാഗമായിരുന്നു.അക്കാലത്തെ പ്രധാന രാജവംശങ്ങളായിരുന്നു ചേരരും ചോളരും പാണ്ഡ്യരും.കേരളത്തിന്റെ പലഭാഗങ്ങളും ചേര-ചോള-പാണ്ഡ്യവംശങ്ങൾ ഭരിച്ചിട്ടുണ്ട്.

# നാട്ടുരാജ്യങ്ങൾ

പിൽക്കാലത്തിവിധനാട്ടുരാജ്യങ്ങളുടെഒരുക്കൂട്ടമായിഈനാട്മാറി.തിരുവിതാംകൂർ,കൊച്ചി,കോഴിക്കോട്,കോലത്തുനാട്,വള്ളുവനാട്,തെക്കുംകൂർ,വടക്കുംകൂർ, പൂഞ്ഞാർ, പന്തളം,ചെമ്പകശ്ശേരി,കായംകുളം തുടങ്ങിയവ കേരളത്തിലെ പ്രധാന രാജവംശങ്ങളാണ്.



# കേരളം രൂപപ്പെടുന്നു.

നമ്മൾ ഇന്ന് കാണുന്ന കേരളം രൂപപ്പെടുത്തിയത് മലയാളം സംസാരിക്കുന്ന പ്രദേശങ്ങൾ ചേർത്താണ്.1956 ലാണ് കേരളസംസ്ഥാനംരൂപീകരി-ക്കപ്പെട്ടത്.തിരു-കൊച്ചി സംസ്ഥാനത്തിന്റെ ചില തെക്കൻ പ്രദേശങ്ങൾ തമി- ഴ്നാടിന്റെകൈവശമാണിന്ന്.

## തിരു-കൊച്ചി

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ വേണാടും തിരുവിതാംകൂറും ലയിച്ച് തിരു-കൊച്ചി സ്റ്റേറ്റ് രൂപം കൊണ്ടു.



# കവിതകൾ






# കേരളഗാനം

ജയജയ കോമള കേരളധരണി
ജയജയ മാമക പൂജിത ജനനി
മലയജസുരഭില മാരുതനേൽക്കും
മലയാളം ഹാ മാമകരാജ്യം
കല്പകതരുനികരങ്ങൾ നിരക്കും
കല്പിതഭുവാണെന്നുടെ രാജ്യം
കളകളമോതിയിണങ്ങിവരുന്നൊരു
സലിലസമൃദ്ധം മാമകരാജ്യം
തുഞ്ചശുകീകളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമകഗേഹം
മാമകനാകം മാമകവിലയം

**അശ്വിൻ രാജ്**



# വസന്തം

ഓർമകളാകുന്നൊരു വസന്തം

ഓർമ്മിക്കാനായൊരു  വസന്തം

പൂക്കളുടെ ശോഭയാണ്  വസന്തം

ജീവിതനന്മയിൽ  പൂക്കളം തീർക്കുന്നു

ജീവിതമാകെ ഉണരുന്ന വസന്തം

തണുത്തകുളിർക്കാറ്റ്  വീശുന്നു

ഏവർക്കും  സന്തോഷമേകാൻ  വസന്തം

ഭൂമിയുടെ ജീവൻ വസന്തം

വസന്തകാലം  ഒരു ഓർമ്മ  മാത്രം

ഓർമ്മകൾ പൂക്കുന്ന  വസന്തകാലം

**അമൃത  ബാബു**




# തിരകൾ

കടലിലെ തിരകൾ മൗനംതേടി അലയുന്നുവോ

മൗനം നോവുകളായി പെയ്യുന്നുവോ,

അലകളായി ഒഴുകുന്ന മൗനം

എന്നെ തേടിയെത്തുന്നുവോ.

കാലം തിരകളെ തേടി ,

തിരകൾ അലകളെ തേടി,

അലകൾ കടലിനെ തേടി,

കടൽ മൗനങ്ങളെ തേടി,

മൗനം നോവുകളായി പെയ്യുന്ന

മഴയായി തുടങ്ങി തിരകളായി തീരുന്നുവോ;

**അഞ്ജലി**




# ദോശച്ചമ്മന്തി

ഉപ്പും ഉലുവയും മുളകുമിട്,

വേപ്പിലച്ചപ്പുകൾ കൂടെയിട്,

ഉള്ളിയും തേങ്ങയും ലേശമെട്,

എല്ലാമൊരുമിച്ചരച്ച് കൊട്,

ചട്ടിയിലെണ്ണയിൽ കടുകുമിട്,

പൊട്ടണ നേരത്ത് അരവുമിട്,

മൂക്കിലാ ചമ്മന്തി മണമടിക്കും,

വായിൽ കൊതിക്കടൽ തിരയടിക്കും,

ദോശയൊരഞ്ചാറെടുത്തു വെക്ക്,

ചമ്മന്തി കൂട്ടി കുഴച്ചടിക്ക്.

**ഹണി മോൾ.ടി.എസ്**



# അമ്പാടിയിലേക്ക്

മായംകളഞ്ഞുള്ള മാമുനിമാരുടെ

മാനസമായൊരു മന്ദിരത്തിൽ

നിന്നുവിളങ്ങിന നന്ദകുമാരനെ-

ചെന്നങ്ങു കാണ്മതിന്നായിച്ചെമ്മേ

അക്രൂരമായൊരു മാനസം പൂണ്ടുള്ളോ-

രക്രൂരനായൊരു യാദവന്താൻ

ചൊൽക്കൊണ്ടു നിന്നൊര തേരിൽക്കരേറിയ-

ദ്ദിക്കിനെ നോക്കി നടന്നാനപ്പോൾ.


പോകുന്നനേരത്തു തന്നിലേ നണ്ണിനാൻ

ഗോവിന്ദപാദങ്ങളുള്ളിലാക്കി:

"കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു

പുണ്യവാനെന്നതു നിർണയം ഞാൻ.

**ചെറുശ്ശേരി**



# എവിടെ എൻ ഓർമ്മകൾ

എവിടെ എൻ ഓർമ്മകൾ പൂപോലെ

വിരിഞ്ഞു. വസന്തകാലം വരവായല്ലോ

കാർമേഘം വന്നു പുഞ്ചിരിചെല്ലോ

കാറ്റും മഴയും വരവായല്ലോ സുപ്രഭാതം

ഞാൻ ഉണർന്നല്ലോ നല്ല

സൂര്യപ്രകാശം വരവായല്ലോ, തുമ്പികൾ

പാറിപറന്നുവല്ലോ ,എന്റെ പൂക്കളിൽ

വന്നിരുന്നുവല്ലോ എവിടെ

എൻ ഓർമ്മകൾ (2)

കാട്ടുകളും കുന്നുകളും താണ്ടി  ഞാൻ

വന്നിട്ടുന്നു അവിടെ എൻ ഓർമ്മകൾ

വേരിട്ടുന്നു (2)

**അനുഗ്രഹമോൾ. ബാബു.**



# അതേ പ്രാർത്ഥന

വസന്തത്തോടർഥിച്ചതു വെറുതെയായില്ല, തേന്മാ-

വാടിമുടി പൂങ്കുലകളണിഞ്ഞു നിന്നൂ ഒരു പൂവും കൊഴിയാതെയുണ്ണികൾ വിരി

ഞ്ഞു, പിന്നീ-ടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നുവന്നു.

സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റോ-

രനധ്യായം പഠിപ്പിച്ചിതതിനെച്ചൂണ്ടി.

വേനൽച്ചുഴന്നൂതിയൂതിയതിൻനിക്ഷേപമോ-രോന്നും

മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ

ആയിരമണ്ണോർക്കണ്ണനമാർ പാഞ്ഞുകേറീ കൊമ്പുകളി-

ലായിരം കാക്കകളതിൽപ്പറന്നു വീണു.

ആയിരം കൊച്ചടികളത്തണൽ വിരിയിൽപതിഞ്ഞൂ

മായികാനഗരം പോലത്തോപ്പു ചമഞ്ഞു.

**മെറിൻ കെ ബിജു.**

# ചടപട വീഴല്ലേ



വലിയ മരത്തിൻ
മുകളിൽ കയറിയ
ചെറിയ കുരങ്ങാ
വന്നാട്ടെ..........

കൊമ്പുകൾത്തോറും
ചാടല്ലേ നീ...
താഴെത്തരികിട
വീഴല്ലേ..........

വീണാലയ്യോ
കാലും,കയ്യും
ചട പട പൊട്ടി-
ത്തകരില്ലേ.........

*നവമി കെ അനിൽ*

# നമ്മുടെ നാട്




കേരളം എന്നുടെ നാട്
കേരം തിങ്ങും നാട്
കേവലമൊരു പിടിമണ്ണിൽ
കേളികേട്ട നാട്

നമ്മുടെ സ്വന്തം നാട്
നിറകതിർ ചൂടും നാട്
നിറഞ്ഞുനിൽക്കും ജനങ്ങളുടെ
സാഹോദര്യത്തിൻ നാട്

ഒഴുകും പുഴയുടെ നാട്
തിങ്ങും മലയുടെ നാട്
മധുരം നിറയും മലയാളത്തിൻ നാട്
ദൈവത്തിൻ സ്വന്തം നാട്

**നവമി കെ അനിൽ**

# എന്റെ വിദ്യാലയം



തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും

തുംഗമാം വാനിൻചോട്ടിലാണെന്റെ വിദ്യാലയം

ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞ കരിവാന

മിന്നിതാ ചിരിക്കുന്നു, പാലൊളി ചിതറുന്നു

മുൾച്ചെടിത്തലപ്പത്തും പുഞ്ചിരിവിയാറു-

# ദർപ്പണം

ണ്ടചെറു പൂന്തോപ്പിലെപ്പനിനീരുരക്കുന്നു.

മധുവിൻ മത്താൽപ്പാറി മൂളുന്നൂ മധുപങ്ങൾ

മധുരമീജ്ജീതം ചെറുതാണെന്നാകിലും

പരർതൻ കഷ്ടപ്പാടു പെരുമക്കല്ലത്താണി

പറവൂ മഹത്തതവം "പരസേവനം കാര്യം"

ആരെല്ലെൻ ഗുരുനാഥ,രാരെല്ലെൻ ഗുരുനാഥർ പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ

തൃപ്ത റെജി




# നിങ്ങളെൻ ലോകത്തെയെന്തുചെയ്തു

(സുഗതകുമാരി)

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു.പെട്ടെന്നവർ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു;
" നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?"

മീനാക്ഷി ശ്രീധർ




# മതിലേരിക്കന്നി

തിരുവെഴുത്താലോലാതു കണ്ടോണ്ടാരെ
കിട്ടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയുമായി നിന്നവള്
കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി
“കനകം നാളറെ മനം കൊതിച്ച്
കരളിനകത്തുള്ള നാട്ടുവാഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ, വേണ്ടത് ഞാനേ
ഓലുണ്ടെരിപൊരിയങ്കത്തില്
ഞാനുണ്ടിപ്പട്ടുരിക്കട്ടമ്മല്
ഓലിണ്ടമ്മണ്ണലിം ചോരയിലും
ഞാനുണ്ടീയേഴ്ക്കട്ട് മാള്യേമ്മല്
പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
നെഞ്ചുണ്ടിരേമ്പൊലച്ചൂളയാവന്നേ!

## ദർപ്പണം

പതിനേഴും കോപ്പും തലതേഞ്ഞിറ്റ്
പതിനെട്ടോടത്താഴം വെചെനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തേം വന്നെങ്കില്
എവിടെവെച്ചൂപ്പാ പൊരുക്കും ഞാനേ
നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ!
നായുവാഴിരുന്നാലേ ഞാനിരിക്കൂ!
നാളത്തേ പുല്ലപുലരും കാലം
വേണ്ണയ് പൂങ്കൊയിലോം പോണെനക്ക്
തിരുവെഴുത്താലോലാതുകാണന്നേരം
കൈമെയ്യിറക്കവും വന്നെനക്ക്
മെയ്യെല്ലം കണ്ണായിത്തോന്നെനക്ക്
തലവൻ പടനായരത്തേടിയച്ചൻ
കേക്ക് മലയോരം കാരണ്ടാലോ
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ചൻ
പടനിലച്ചന്തം പഠിപ്പിച്ചച്ചൻ
ആണായും പെണ്ണായും പോറ്റ്യെന്റച്ചൻ
അച്ഛൻകനിവെന്നോടുണ്ടെങ്കില്
പടപൊയ്ത്തു താപ്പൂട്ടി വന്നോളാലോ."

**സമ്പാദനം ടി.എച്ച്.കഞ്ഞിരാമൻനമ്പ്യാർ**




# നിങ്ങൾക്കറിയാമോ?

- മനുഷ്യർക്ക് ഉള്ളതിനേക്കാൾ ഒരെല്ല് കുറവാണ് കുതിരകൾക്ക്.
- തേനീച്ച പരമാവധി വേഗത്തിൽ പറന്നാൽ ഒരു മണിക്കൂറിൽ 24 കിലോ-മീറ്റർ നീങ്ങും.
- ആനയുടെ തുമ്പിക്കൈയ്യിൽ ഏകദേശം 5 ലിറ്റർ വെള്ളം കൊള്ളും.
- നീലത്തിമിംഗലത്തിന് 20-ലധികം ആഫ്രിക്കൻ ആനകളുടെ ഭാരമുണ്ടാകും.
- സംസാരിക്കുമ്പോൾ നമ്മൾ 72 പേശികൾ ഉപയോഗിക്കുന്നുണ്ട്.

## കഥകൾ






# പറയാതെ പോയ പ്രണയം

ഒരിടത്തൊരിടത്ത് നീതു എന്ന് പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ ഉറ്റ സുഹൃത്തായിരുന്നു നിതിൻ. കുട്ടിക്കാലം മുതൽ അവർ ചങ്ങാതിമാരായിരുന്നു. പക്ഷെ നീതുവിന്റെ ഉള്ളിലെ ആ ചങ്ങാത്തം പതുക്കെപതുക്കെ പ്രണയമായി മാറി. പക്ഷെ നിതിന് നീതുവിന്റെ സുഹൃത്തായ മീനാക്ഷിയോട് പ്രണയമായിരുന്നു.നീതു തന്നെ സ്നേഹിക്കുന്നു എന്ന് നിതിനും, നിതിൻ മീനാക്ഷിയെ സ്നേഹിക്കുന്നു എന്ന് നീതുവിനും അറിയില്ലായിരിന്നു. അങ്ങനെയിരിക്കെ അവരുടെ 10-ാം ക്ലാസ്സിന്റെ ടൂർ വന്നു. എല്ലാവരും ടൂറിന് തയാറായി.ടൂറിനിടയിൽ അവളുടെ പ്രേമം നിതിനോട് പറയാം എന്നവൾ തീരുമാനിച്ചു. നിതിനും തന്റെ സ്നേഹം മീനാക്ഷിയോട് പറയുവാൻ ആഗ്രഹിച്ചു. അങ്ങനെ ടൂറിന്റെ ദിവസം വന്നെത്തി. ആടിയും പാടിയും അവർ ഊട്ടിയിലെത്തി. അന്ന് രാത്രിയിൽ നിതിൻ നീതുവിനോട് പറഞ്ഞു ; "നീതു, എനിക്കൊരു കാര്യം

# ദർപ്പണം

പറയാനുണ്ടായിരു- ന്നു".അവൾ ആകാംഷാപൂർവ്വം കാത്തിരുന്നു. നിതിൻ തുടർന്നു."എനിക്ക് മീനാക്ഷിയെ വളരെയധികം ഇഷ്ടമാണ്. അത് അവളോട് തുറന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.പക്ഷെ എങ്ങനെയെന്ന് എനിക്ക് അറിയില്ല.നീ എന്നസഹായിക്കണം."നീതുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.പക്ഷെ അവൾ അവനെ സഹായിക്കാമെന്ന് വാക്ക് കൊടുത്തു.അവന്റെ സ്നേഹം തുറന്നു പറയുവാൻ വഴിയൊരുക്കി കൊടുത്തു. അവൾ മുറിയിൽ പോയിരുന്ന് പൊട്ടിക്കരഞ്ഞു.പിറ്റേന്ന് അവർ തിരിച്ച് യാത്ര തുടങ്ങി.വഴിമദ്ധ്യേ അവർ സഞ്ചരിച്ച വാഹനം നിയന്ത്രണം വിട്ട് മറ്റൊരു വാഹനത്തിൽ ചെന്നിടിച്ചു. നീതുവും നിതിനും റോഡിലേക്കു തെറിച്ചുവീണു. ചോരയിൽ കുളിച്ചുകിടന്ന നിതിനോട് അവൾ തുറന്നു പറഞ്ഞു."ഞാൻ നിന്നെ എന്റെ ജീവനുതുല്യം സ്നേഹിക്കുന്നു".ഇതു പറഞ്ഞുകൊണ്ട് അവൾ മരിച്ചു.ഇതു കേട്ട് ഹൃദയം തകർന്ന് അവനും മരിച്ചു.

അജ്മൽ എസ്.



# രാജകുമാരിയും റോസും

ഒരിടത്ത് ഒരു രാജകുമാരി ഉണ്ടായിരുന്നു. രാജകുമാരിക്ക് സുന്ദരമായ ഒരു ഉദ്യാനമുണ്ടായിരുന്നു. രാജകുമാരി എല്ലാദിവസവും വൈകിട്ട് തന്റെ ഉദ്യാനംസന്ദർശിക്കാൻ എത്തും.എന്നിട്ട് അവിടെയുള്ള പൂക്കളുടെ സൗന്ദര്യം ആസ്വദിച്ചിരിക്കും. പൂക്കളോടെല്ലാം സംസാരിക്കും.അങ്ങനെ ഒരു ദിവസം രാജകുമാരി തന്റെ ഉദ്യാനത്തിൽ എത്തിയപ്പോൾ ഞെട്ടിപ്പോയി.തന്റെ പൂക്കളെല്ലാം പതുക്കെപ്പതുക്കെ വാടി പോകുന്നു. രാജകുമാരിയുടെ മനം ദുഃഖം കൊണ്ടു നിറഞ്ഞു. താൻ ഓമനിച്ചുവളർത്തുന്ന തന്റെ പൂക്കൾ വാടുന്നത് രാജകുമാരിക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അപ്പോൾ അവൾപിന്നിൽനിന്നും ഒരു ശബ്ദം കേട്ടു. അത് ഒരു റോസാപ്പൂവായിരുന്നു.റോസാപ്പൂ അവളോടു പറഞ്ഞു."പ്രിയ രാജകുമാരി,ഞാൻ നിന്നെ വിട്ടു- പോകുന്നു.നിന്റെ അരുമയായ

## ദർപ്പണം

പൂക്കളെയെല്ലാം നശിപ്പിചത്  ഞങ്ങളുടെ ശത്രുവായ  വേനലാണ്. പക്ഷെ നീ  ഇതിൽ സങ്കടപ്പെട്ടിരിക്കരുത്. ഇനിയും നീ സുന്ദരമായ  ഒരു  ഉദ്യാനം ഉണ്ടാക്കണം.അങ്ങനെ  സന്തോഷമായി  ജീവിക്കണം.”ഇതു  പറഞ്ഞിട്ട് റോസാപ്പൂ  പോയി.രാജകുമാരി  വീണ്ടും  ഒരു  ഉദ്യാനം  ഉണ്ടാക്കി .സന്തോഷപൂർവ്വം  ജീവിച്ചു.

ഇതുപോലെ നമ്മുടെ ജീവിതത്തിൽ എന്തെല്ലാം പ്രതിസന്ധികൾ ഉണ്ടായാലും അതിനെ പ്രതി കരഞ്ഞുകൊണ്ടരിക്കാതെ അതിനെ നേരിട്ട് മുന്നോട്ടു പോകണം.

അപർണ്ണ



# ഒരിടത്തൊരിടത്ത്

ഒരിടത്തൊരു ഗ്രാമത്തിൽ ധാമു എന്ന കൃഷിക്കാരൻഉണ്ടായിരുന്നു.അയാളുടെ വീട്ടിൽ ഭാര്യയും ഒരേയൊരുമകളുമുണ്ടായിരുന്നു.മകളുടെ പേര് അമ്മു എന്നായിരുന്നു. ഭാര്യ സുമ.ദാരിദ്ര്യത്തിലും വളരെ സന്തോഷമായി ജീവിക്കുകയായിരുന്നു അവർ.അതിനൊപ്പം മകൾ വളരുകയും ചെയ്തു.പിന്നെ പിന്നെ വീട്ടിലെ ശബ്ദങ്ങളും സന്തോഷങ്ങളും പതിയെ കുറഞ്ഞുകൊണ്ടിരുന്നു. അവൾക്ക് അമ്മയോടും അച്ഛനോടും സ്നേഹം കുറഞ്ഞു കൊണ്ടിരുന്നു.അവൾക്ക് സ്കൂളിൽ പോവുന്ന വഴി ഒരു ഓട്ടോ ഡ്രൈവറിനെ ഇഷ്ടമായി പിന്നെ പിന്നെ അവർ സ്ഥിരം കാണാനും സംസാരിക്കാനും തുടങ്ങി.പതിയെ അവപ്രണയത്തിലായി.അവർക്കിടയിൽ അവർക്കു മാത്രമായൊരു ലോകം തന്നെതീർത്തു.നാട്ടുകാർ പറഞ്ഞ് ധാമു ഇതറിഞ്ഞു.അയാൾ വീട്ടിലെത്തി അമ്മുവിനെ പലതവണ ഉപദേശിച്ചു പക്ഷെ അവൾക്കൊരു മാറ്റവുമുണ്ടായില്ല. "നല്ലതായി പഠിച്ച് ജോലി മേടിച്ച്

കുടുംബം നോക്കേണ്ട കുട്ടിയെ ഒരു ഓട്ടോ ഡ്രൈവറുമായി വിവാഹം കഴിച്ചു കൊടുക്കില്ല" എന്നാണ് ധാമു പറഞ്ഞത്.ഉടൻ തന്നെ അവളെയും കൊണ്ട് സ്ഥലം മാറാൻ അവർ തീരുമാനിച്ചു. പിറ്റേന്ന് പത്രത്തിൽ വായിച്ച വാർത്ത ഇതായിരുന്നു "സ്കൂൾ വിദ്യാർത്ഥികളേയും കൊണ്ട് കടന്നുകളഞ്ഞ ഓട്ടോ ഡ്രൈവർ പിടിയിൽ" അപ്പോൾ അവൾ തീരുമാനിച്ചു "എന്റെ അച്ഛനും അമ്മയും പറയുന്നത്കേട്ടേ ഇനി ഞാൻ ജീവിക്കുകയുള്ളൂ"

**മെറീന ബിനു**




# കറുപ്പിനേഴഴക്

പണ്ടുപണ്ട്പക്ഷികൾക്ക് നിറങ്ങൾ ഒന്നും ഇല്ലായിരുന്നു. അതുകൊണ്ട് ആരേയും തിരിച്ചറിയാൻ സാധിക്കുകയില്ലായിരുന്നു. അങ്ങനെയിരിക്കെ എല്ലാ പക്ഷികളും തീരുമാനിച്ചു, ഭഗവാന്റെ അടുത്തെത്തി അവരുടെ പ്രശ്നങ്ങൾ പറയാം എന്ന്. അവർ ഭഗവാന്റെ അടുത്തെത്തി അവരുടെ ആവശ്യങ്ങൾ പറഞ്ഞു. അപ്പോൾ ഇത് കേട്ട ഭഗവാൻ പറഞ്ഞു. "നിങ്ങൾക്കുവേണ്ട നിറം നിങ്ങൾ തന്നെ പറയൂ." ആകെ ഇത്തിരി നിറങ്ങൾ മാത്രമേ അന്ന് ഉണ്ടായിരുന്നുള്ളൂ. അപ്പോൾ ഭഗവാൻ അവർക്ക് അനുയോജ്യമായ നിറങ്ങൾ നൽകി. എന്നാൽ കാക്കയും കുയിലും മാത്രം അവിടെ പോയിരുന്നില്ല. തിരികെ വന്ന മറ്റു പക്ഷികൾ അവരെ കളിയാക്കി. അപ്പോൾ അവർ പറഞ്ഞു ; "കറുപ്പിനേഴഴക്"

**ദേവിക രാജൻ**

# കൊതിയൻ കാക്ക

ഒരിടത്ത് ഒരു കാക്കയുണ്ടായിരുന്നു. അവൻ മഹാമടിയനായിരുന്നു .എങ്ങനെയെങ്കിലും,എവിടുന്നെങ്കിലും ആഹാരം വല്ലതും കിട്ടുമെന്നു കണ്ടാൽ അവിടെ ചടഞ്ഞിരിക്കും .അങ്ങനെ ഒരു ദിവസം രാവിലെ ഉണർന്നപ്പോൾ മടിയൻ കാക്കയ്ക്ക് പറന്നുപോയി ആഹാരം അന്വേഷിക്കാൻ മടിതോന്നി.



ചുറ്റും നോക്കിയപ്പോൾ അയൽ വീട്ടിലെ മാവിൽ ഒരു കണ്ണിമാങ്ങ നിൽക്കുന്നത് കണ്ടു. കാക്കയ്ക്ക് സന്തോഷമായി. മാങ്ങ പഴുത്തിട്ടില്ല. എന്നാലും സാരമില്ല. പഴുക്കുന്നത് വരെ കാത്തിരിക്കാം. അപ്പോൾ ഇരതേടി നടക്കേണ്ടല്ലോ. അങ്ങനെ കാക്ക മാങ്ങയും നോക്കിയിരിപ്പായി. ആ മാവിൽ ഒരു അണ്ണാറക്കണ്ണൻ ഇരിപ്പുണ്ടായിരുന്നു. അവൻ ഓടിവന്നു മരം

## ദർപ്പണം

കയറി.ഭക്ഷണമന്വേഷിച്ച് വിശ്രമമില്ലാതെ നടക്കുകയാണ്.മാങ്ങയും

നോക്കിയിരുന്ന കാക്കയോട് അവൻ വിവരം അന്വേഷിച്ചു.കാക്ക

പറഞ്ഞു.ഈ മാങ്ങ പഴുക്കാനായി ഞാൻ പ്രാർത്ഥിച്ചിരിക്കുകയാണ്.ഇനി

ഇതു പഴുത്തിട്ട് വേണം എനിക്കു തിന്നുവാൻ.അണ്ണാറക്കണ്ണൻ

ചിരിച്ചുകൊണ്ട് പറഞ്ഞു.കാക്കേ,മാങ്ങ പഴുക്കാൻ കുറേ

ദിവസമെടുക്കും.അതുവരെ അതും കാത്തിരുന്നാൽ നീ ചത്തുപോകും.

ഇന്നത്തെ വിശപ്പടക്കാൻ ഇന്നുതന്നെ ഇര- തേടിയെടുക്കണം.വേഗം

പോയി വല്ലതും കണ്ടുപിടിച്ചോ.പ്രാർത്ഥന മാത്രം പോര, പ്രയത്നിക്കുകയും


വേണം.താൻ പാതി, ദൈവംപാതി എന്നാ പറയുന്നത്.അണ്ണാറക്കണ്ണൻ പറ

ഞ്ഞത് കാക്കയ്ക്ക് മനസ്സിലായി. അവൻ മടിയൊക്കെ ഉപേക്ഷിച്ച്

ആഹാരമന്വേഷിച്ച് അകലേക്ക് പറന്നു പോയി.

അനാമിക മധു

# മാമ്പഴം.......മാമ്പഴം...



കുട്ടു എന്ന പാവം ആനക്കുട്ടി ഒരു മാമ്പഴക്കൊതിയനാണ്.ഒരു ദിവസം കുട്ടു നിറയെ മാമ്പഴമുള്ള ഒരു മാവിൻ ചുവട്ടിൽ എത്തി.

"ചിൽ.....ചിൽ..... ആനക്കുട്ടാ എന്തിനാ വന്നത് ?" മാവിൽ താമസിക്കുന്ന

വികൃതിയായ ചിക്കു അണ്ണാൻ ചോദിച്ചു.ചിക്കു അണ്ണാനും കൂട്ടുകാരൻ മിക്കു അണ്ണാനും കൂടെ ഉണ്ടായിരുന്നു അപ്പോൾ ആനക്കുട്ടൻ പറഞ്ഞു" ഞാൻ

വന്നതോ..... ഒരു മാമ്പഴം തിന്നാന.... എനിക്കു മാമ്പഴം വലിയ ഇഷ്ടമാ. പറിച്ചു തരാമോ? അതുകേട്ട്അണ്ണാൻമാർക്ക്കോപംവന്നു...ഇല്ലില്ല....ഒരണ്ണം പോലും തരില്ല.ഇക്കാണുന്ന മുഴുവൻ മാമ്പഴവും ഞങ്ങൾക്കുള്ളതാ അവർപറഞ്ഞു.പാവം കുട്ടു അവൻ സങ്കടപ്പെട്ട് മാഞ്ചുവട്ടിൽ നിൽപ്പായി. മാമ്പഴം വീഴുന്നതും കാത്ത്.അന്നേരം കാറ്റ് വീശി ഒരു മാമ്പഴം ഞെട്ടറ്റു പക്ഷെ താഴേക്കു വീണില്ല.മാമ്പഴം ചില്ലയിലെ ഇലകൾക്കിടയിൽ കുടുങ്ങിപ്പോയി.ഇലകൾക്കിടയിൽ കുടുങ്ങിയ മാമ്പഴം അണ്ണാൻമാർ കണ്ടു. "എനിക്കു വേണം ചിക്കു പറഞ്ഞു". "പറ്റില്ല എനിക്ക് വേണം". അവർ രണ്ടു പേരും പറഞ്ഞു. ഓടിവന്ന് മാമ്പഴത്തിന് പടിയും വലിയുമായി. അപ്പോൾ ചില്ല കുലുങ്ങി. മാമ്പഴം ആനക്കുട്ടന്റെ മുമ്പിലേക്കു വീണു "ഹായ് മാമ്പഴം കിട്ടി"കുട്ടുവിന് സന്തോഷമായി. വഴക്കാളി അണ്ണാൻമാർ നാണിച്ചോടി പൊത്തിലൊളിച്ചു.

**നവമി. കെ. അനിൽ**



# ഇതൾ വിരിയുന്ന പ്രണയകഥ

**ഒരിടത്ത് ഒരു പെൺകുട്ടി, വിരഹത്തിന്റെ ചൂടിൽ നിൽക്കുമ്പോൾ തനിക്ക് സാന്ത്വനമായി ഒരാൾ എത്തുക. അതായിരുന്നു അവളുടെ ജീവിതത്തിനെ മോത്തമായി തിരുത്തിയതും, പിടിച്ചുയർത്തിയതും.**

## ദർപ്പണം

അവളുടെ കാമുകൻ തനിക്ക് തന്ന സ്നേഹത്തിന്റെ ചൂടിൽ അവൾ ജീവിച്ചുതുടങ്ങി. പക്ഷേ അധികനാൾ ആ പ്രണയം നീണ്ടുനിന്നില്ല. ആ പ്രണയനൈരാശ്യം അവളുടെ ജീവിതത്തെവേരോടെ പിഴിതെറിയുമെന്നും അവൾ കരുതിയില്ല. തന്റെ മനസ്സിനെ കാണാതെ, താൻ എങ്ങനെയാവും എന്ന് ചിന്തിക്കാതെ അവളെ വിട്ട് അവൻ മറഞ്ഞുപോയി. ഓരോ ദിവസവും അവൾ അവനെ ഓർത്ത് ജീവിക്കുന്നു. അവന്റെ ഓർമ്മയിൽ അവൾ നീറി കഴിയുന്നു.എന്നും ആ സ്നേഹം അവൾ മനസ്സിൽ സൂക്ഷിക്കുന്നു. തന്റെ പ്രണയം ഇതൾ വിരിയും എന്ന ശുഭ പ്രതീക്ഷയോടെ അവൾ ഓരോ ദിവസവും ജീവിച്ചു തീർത്തു.

**ലക്ഷ്മി മനോജ്**

ENGLISH SECTION

# WHY?



# BURNING SUN



How is it possible for the Sun to keep 'burning' for billions of year?

In the olden days people thought that the Sun was a gaint ball of burning coal. However, now we know that this is incorrect. The energy of the sun is produced at its core. At the core the temperature and pressure are so high that hydrogen is converted to helium. This nuclear fusion reaction results in the form of heat and light. So the Sun does not 'burn' as paper and wood burns. According to scientists, it will keep on shining for around 5 billion years more!

EMIL MARYA SHAJI




# THE SONG OF THE KETTLE

## Why does a kettle hiss? Here's the answer

Request a grown – up to full a vessel with water, cover it and heat it on the stove.(An old fashioned kettle will work just as well!)

now observe what happens.

After sometime you will hear a hissing sound.The hissing sound becomes louder and louder and finally stops. What's the reason for the hissing?

When the kettle is kept on in the fire, the bottom layer of water gets heated first, becomes lighter and rises up in the form of tiny bubbles. The bubbles meet colder water on the way up and burst.

It is the bursting of bubbles that gives rise to the hissing sound. As the temperature rise, a larger number of bubbles travel to the surface and burst and so the hissing becomes louder.

When the water is uniformly hot, the bubbles will not burst. The hissing stops and of course, the water starts boiling.

ABHIJITH B



# ICE STICKS


When you remove any metal container from the freezer of your refrigerator,such as an ice tray, your fingers stick to the container why does this happen?


There's always some moisture on your hands. When the hand comes in contact withthe cold surface of the container this moisturefreezes. Because of the pressure you applywhile holding the container, this ice joins with crystals of ice joins the container and your fingers stick to it.What would happen if you touched the tray with your tongue? It could get stuck.better not try it freeing the tongue afterwards could be painful.


ATHUL SUDARSANAN

# വരകളിലൂടെ












SAVE TREES SAVE EARTH


SAVE
TREES


SAY NO
TO CHILD LABOUR


STOP LOOK LISTEN
Don't Drink and Drive


HAPPY CHILDRENS DAY


SAVE TREES

# ഇവർ ഞങ്ങളുടെ അഭിമാനം



**OUR YOGA TEAM**
**STATE CHAMPIONS**






**REVATHY RAJESH**
**NATIONAL YOGA OLYMPIAD WINNER**








SIVALAL


NATIONAL YOGA OLYMPIAD PARTICIPANT





# ഓർമ്മച്ചെപ്പ്

# ദർപ്പണം


















ATAL
TINKERING






A GRADE
അഭിനന്ദനങ്ങൾ



## നന്ദി

ദർപ്പണത്തിൽ കൂടി നിങ്ങൾക്കു മുമ്പിൽ ഈ കാഴ്ചകൾ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ കൃതാർത്ഥരാണ്............
ഇതു ഞങ്ങളുടെ ആദ്യ സംരംഭമാണ്.....................
തെറ്റുകുറ്റങ്ങൾ ഉണ്ടാകാം............................
സദയം പൊറുക്കുക...........
എല്ലാവർക്കും നിറഞ്ഞ നന്ദിയോടെ................



സ്റ്റുഡന്റ് എഡിറ്റർ
**സ്വാലിഹാ മോൾ എസ്.**